പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3233 15/02/2013 ൽ മറുപടിക്ക്

## കാവിൽ-തീക്കുനി-കുറ്റ്യാടി റോഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ എന്തെല്ലാം പരിഷ്കരണ പ്രവൃത്തികൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ കി.മീ.1/170 മുതൽ 3/000 വരെ ബി.എം&ബി.സി പ്രവൃത്തി ചെയ്യുന്നതിനു 03/11/2012 ൽ സർക്കാർ ഉത്തരവ് നം.1855/12/പൊ.മ.വ പ്രകാരം 2012-13 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 350 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കമ്മിറ്റി പ്രസ്തുത റോഡിനെ സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ;<br>(സി) എങ്കിൽ എത്ര തവണ പരിശോധിച്ചുവെന്നും എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) & (സി) പ്രസ്തുത റോഡിന്റെ കി.മീ. 3/000 മുതൽ 13/250 വരെയും, കി.മീ 14/000 മുതൽ 18/225 വരെയുമുള്ള മെക്കാഡം പ്രവൃത്തിക്കായി 2200 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 12/10/2012 ൽ കൂടിയ ഭരണാനുമതിക്കായുള്ള കമ്മിറ്റി പരിഗണിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ആയതിന് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാതിരുന്നതെങ്കിൽ പ്രസ്തുത റോഡിൽ നാലോ അഞ്ചോ ഭാഗങ്ങൾ തിരിച്ച് പ്രവൃത്തികൾക്ക് ഘട്ടം ഘട്ടമായി ഭരണാനുമതി നൽകുന്നതിന് തയ്യാറാവുമോ ; വ്യക്തമാക്കുമോ ;<br>(ഇ) ഇപ്രകാരം ഭരണാനുമതി ലഭിക്കണമെങ്കിൽ എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ? | (ഡി) & (ഇ) അത്തരത്തിലുള്ള നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ